പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *318 — 12/12/2018-ൽ മറുപടിക്ക്

## മരുന്നുകൾക്ക് ഈടാക്കുന്ന അമിതവില

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>,, കെ. രാജൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വില്ക്കപ്പെടുന്ന മരുന്നുകളുടെ വില തീരുമാനിക്കപ്പെടുന്നത് ഏത് വിധത്തിലാണെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ചുള്ള നിയമത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | എ) കേന്ദ്ര അവശ്യവസ്തു നിയമം (Essential Commodities Act) -ത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനു കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാര-പരിധിയില്ല. |
| ബി) സംസ്ഥാനത്ത് മരുന്ന് വില്പനയിലൂടെ ഇടനിലക്കാർക്ക് വലിയ തോതിൽ ലാഭം കൊയ്യുന്നതിനുള്ള അവസരം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിൻസിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകളുടെ വിലയാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചുറപ്പിക്കുന്നത്. അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (നോൺ ഷെഡ്യൂൾഡ് ഫോർമുലേഷൻസ്) വില നിർമാതാക്കൾ തന്നെയാണ് നിശ്ചയിക്കുന്നത്. ചില സന്ദർഭങ്ങളിൽ വളരെ കൂടുതൽ ലാഭം എടുക്കുന്ന രീതിയിൽ പരമാവധി ചില്ലറവിൽപ്പന വില പ്രിന്റ് ചെയ്ത് വിൽക്കുന്നതായി കണ്ട് വരുന്നുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ അവരുടെ പതിവ് പരിശോധനകളിലും, പരാതികളിന്മേലുള്ള പരിശോധനകളിലും, ഇത്തരത്തിൽ കൂടുതൽ ലാഭം എടുക്കുന്ന കമ്പനികളുടെ വിശദാംശങ്ങൾ നടപടികൾ സ്വീകരിക്കുന്നതിനായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികൾ വഴി ഇടനിലക്കാരായ വിതരണക്കാരെ ഒഴിവാക്കി നിർമാതാക്കളിൽ നിന്ന് മരുന്നുകൾ നേരിട്ട് |

സംഭരിച്ച്, ഇവയുടെ ലാഭവിഹിതം ഗണ്യമായി കുറച്ച് വളരെ മിതമായ വിലയ്ക്ക് സംസ്ഥാന സർക്കാർ രോഗികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്.

**സി)** മരുന്നുകൾക്ക് അമിതവില ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കാനാകുമോ; വ്യക്തമാക്കുമോ;

നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച വിലയേക്കാൾ കൂടുതലോ, ലേബലുകളിൽ പ്രിന്റ് ചെയ്തിട്ടുള്ള പരമാവധി ചില്ലറ വില്പന വിലയേക്കാൾ കൂടുതലോ, വിലയ്ക്ക് മരുന്നുകൾ വിൽക്കുന്ന നിർമാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിക്കാറുമുണ്ട്.

**ഡി)** മരുന്നിനങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി കമ്പനികൾ നല്കുന്ന സൗജന്യങ്ങൾക്കും സാമ്പിളുകൾക്കും നികുതി ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ;

**ഡി)** കമ്പനികൾ മരുന്നുകളുടെ വിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നൽകുന്ന സൗജന്യ മരുന്നുകൾക്കും സാമ്പിളുകൾക്കും നികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള തീരുമാനം കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾക്ക് വിധേയമാണ്.

**ഇ)** സംസ്ഥാനങ്ങളുടെ പങ്കും ചുമതലകളും കൃത്യമായി വ്യക്തമാക്കുന്ന വിധത്തിൽ ഔഷധനിയമത്തിൽ സമഗ്രമായ ഉടച്ചു-വാർക്കലിന്റെ ആവശ്യകതയുണ്ടോ; വ്യക്തമാക്കുമോ?

**ഇ)** രാജ്യത്ത് മരുന്നുകളുടെ നിർമാണം, വിതരണം/ വിൽപ്പന, നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമവും അതിന്റെ കീഴിലുള്ള ചട്ടങ്ങളിലും സംസ്ഥാനങ്ങൾക്കുള്ള അധികാര പരിധി വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. മരുന്നുകളുടെ നിർമാണത്തിനുള്ള മരുന്നുല്പാദന ലൈസൻസുകൾ, ഇവയുടെ വിതരണം/ വിൽപ്പനയ്ക്കുള്ള ഔഷധവ്യാപാര ലൈസൻസുകൾ അനുവദിക്കുന്നതിന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾക്ക് അധികാരമുണ്ട്. എന്നാൽ മരുന്നുകളുടെ ഇറക്കുമതി, ബ്ലഡ്/ ബ്ലഡ് കമ്പോണന്റ്സ് നിർമിക്കുന്നതിനുള്ള ബ്ലഡ് ബാങ്ക് ലൈസൻസുകൾ, Sera/ Vaccines നിർമിക്കുന്നതിനുള്ള മരുന്നുല്പാദന ലൈസൻസുകൾ എന്നിവ അനുവദിക്കുന്നത് സെൻട്രൽ ലൈസൻസിംഗ് അതോറിറ്റിയാണ്.

**സെക്ഷൻ ഓഫീസർ**